# പതിനാലാം കേരള നിയമസഭ

അഞ്ചാം

൫ സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3476 — 12/05/2017-ൽ മറുപടിയ്ക്ക്

## ഫോറസ്റ്റ് ക്ലബ്ബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) | സ്കൂളുകളിൽ ഫോറസ്റ്റ് ക്ളബ്ബുകൾ രൂപീകരിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) | സാമൂഹ്യവനവൽക്കരണവിഭാഗത്തിന്റെ സഹകരണത്തോടെ സ്കൂളുകളിൽ ഫോറസ്ട്രി ക്ളബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 957 ഫോറസ്റ്റ് ക്ളബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| ബി) | സംസ്ഥാനത്തെ വിവിധ സന്നദ്ധ സംഘടനകൾ, വായനശാലകൾ എന്നിവിടങ്ങളിൽ ട്രീ ക്ളബ്ബുകൾ നിലവിലുണ്ടോ; ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് ട്രീ ക്ളബ്ബുകൾ പോലെയുള്ള അനേകം പരിസ്ഥിതി സംരക്ഷണ സംഘടനകൾ നിലവിലുണ്ട്. ജൂൺ 5-ലെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇവയിൽ മിക്ക ക്ളബ്ബുകളും വൃക്ഷത്തൈ നടീൽ, മറ്റ് പരിസ്ഥിതി സംരക്ഷണ അവബോധ പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്. |
| സി) | ഇത്തരത്തിൽ നിവധി ട്രീ ക്ലബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ഫോറസ്റ്റ് വകുപ്പിന് അറിയാമോ; | സി) | സംസ്ഥാനത്ത് ട്രീ ക്ളബ്ബുകൾ പോലെയുള്ള അനേകം പരിസ്ഥിതി സംരക്ഷണ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | ഇത്തരം ട്രീ ക്ളബ്ബുകൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | ഡി) | ഇത്തരത്തിലുള്ള ക്ളബ്ബുകൾക്ക് അവരുടെ അപേക്ഷയിന്മേൽ മെമ്പർമാർക്കും പൊതുജനങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ ക്ളാസുകൾ സംഘടിപ്പിക്കുക, വൃക്ഷത്തൈകൾ അത്തരം ക്ളബ്ബുകളിലൂടെ വിതരണം ചെയ്യുക എന്നീ സഹായങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് വനംവകുപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ